സീറ്റ് വിഭജനവും സാമുദായിക സന്തുലനവും



#ഇഖ്ബാൽ വാവാട്,
ഉബൈദുല്ല കോണിക്കഴി

മൂന്നാം സീറ്റിനു വേണ്ടിയുള്ള ലീഗിന്റെ താൽപര്യം പ്രകടമായി പുറത്തുവന്നതോടെ കോൺഗ്രസും ലീഗ് വിരുദ്ധരും ഒരു കാര്യത്തിൽ ഐക്യത്തിലെത്തിയിരിക്കുന്നു, ലീഗിന് മൂന്നോ അതിൽ കൂടുതലോ സീറ്റിന് അർഹതയുണ്ട്. തദ്ദേശ തെരഞ്ഞെടുപ്പിലെയും നിയമസഭാ തെരഞ്ഞെടുപ്പിലെയും ലീഗിന്റെ പ്രകടനവും യു.ഡി.എഫിനോട് കാണിക്കുന്ന കൂറും ലീഗിന്റെ അർഹതയെ തള്ളിപ്പറയാൻ കഴിയാത്ത വിധം എതിരാളികളെ പ്രതിരോധത്തിലാക്കിയിട്ടുണ്ട്. പക്ഷെ, അർഹമായത് കൊടുക്കുന്നതിനു പകരം അതു നിഷേധിക്കാനുള്ള സാധ്യതകൾ തേടി ചർച്ചയെ രണ്ടാം ഘട്ടത്തിലേക്ക് അവർ സൗകര്യപൂർവം എത്തിച്ചിരിക്കുന്നു. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ബി.ജെ.പി വിരുദ്ധ സർക്കാർ അധികാരത്തിൽ വരേണ്ടതിന്റെയും അതിനായി കോൺഗ്രസിനു പരമാവധി സീറ്റ് കിട്ടേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി കോൺഗ്രസുകാരും

അല്ലാത്തവരും ലീഗിന് ക്ലാസെടുക്കുന്നതിൽ വ്യാപൃതരാണ്. യു.ഡി.എഫ് മുന്നേറ്റമുണ്ടാവുമെന്ന പ്രവചനങ്ങളെ ഇതിന് ചേരുവയായി ചേർക്കാനും അവർ മറക്കുന്നില്ല. കോൺഗ്രസും ലീഗ് വിരുദ്ധരും പുറത്തെടുത്തിരിക്കുന്ന രണ്ടാം അടവ് സാമൂഹിക അസന്തുലിതാവസ്ഥയാണ്. അഞ്ചാം മന്ത്രി വിവാദത്തിൽ എൻ.എസ്.എസ് അഴിച്ചുവിട്ട ഈ ആരോപണം ലീഗിനെ വേട്ടയാടാനും പ്രതിരോധത്തിലാക്കാനുമുള്ള മികച്ച ആയുധമാണെന്ന തിരിച്ചറിവിൽ നിന്നാണ് അതു വീണ്ടും അധിക സീറ്റ് വിഷയത്തിലും ചർച്ചയാവുന്നത്.



പക്ഷെ, സാമൂഹിക അസന്തുലിതാവസ്ഥ എന്ന അടവ് ചില ന്യായമായ ചോദ്യങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇതു ലീഗിനെതിരേ മാത്രം ഉപയോഗിക്കാൻ രൂപപ്പെടുത്തിയതാണോ എന്നതും ഇതേ സന്തുലിതാവസ്ഥ കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസും യു.ഡി.എഫും കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോ എന്നതും കോൺഗ്രസ് പറയുന്ന മാനദണ്ഡങ്ങൾ എത്ര മാത്രം യുക്തിപൂർവമാണെന്നതും ലീഗിനു മൂന്ന് സീറ്റ് കിട്ടുന്നത് സന്തുലിതാവസ്ഥയ്ക്കെതിരാണെന്ന് വാദിക്കുന്ന ഇടതുപക്ഷമടക്കമുള്ളവർ മുസ്‌ലിംകളുടെ കാര്യത്തിൽ ഇതേ സന്തുലിതാവസ്ഥ എത്രത്തോളം പരിഗണിച്ചു എന്നതും ഇതിൽ പ്രധാനമാണ്. ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക വഴി സന്തുലിതാവസ്ഥ എന്ന അടവിന്റെ രാഷ്ട്രീയം മനസിലാക്കാവുന്നതേ ഉള്ളൂ. മാത്രമല്ല, ഭാവിയിലും അസന്തുലിതാവസ്ഥയുടെ കണക്കുകൾ പതിവുപോലെ തുടരുമെന്നതിനാൽ ലീഗിന്റെ ഭാവിയെ അത് ഏതു രീതിയിൽ ബാധിച്ചേക്കുമെന്നുമുള്ള ചിന്തയും

അനിവാര്യമായിരിക്കുന്നു. നാഷണൽ ലീഗും എസ്.ഡി.പിഐയും വെൽഫയർ പാർട്ടിയും പി.ഡി.പിയും ഇടതുപക്ഷം പോലും മുസ്‌ലിം വോട്ടുകളിൽ നിന്ന് വിഹിതം പറ്റാനായി കിണഞ്ഞു ശ്രമിക്കുമ്പോഴും അതിനെയെല്ലാം അതിജീവിച്ചു മുന്നോട്ടുപോവുകയും മുസ്‌ലിമേതര വോട്ടുകളിൽ കൃത്യമായ പങ്ക് നേടുകയും ചെയ്യുന്ന ലീഗിന്റെ വളർച്ചയ്ക്ക് അതിരിടാനുള്ള കുതന്ത്രമായി അസന്തുലിതാവസ്ഥ മാറുമോ എന്നത് ലീഗ് നേതാക്കളും അണികളും ആലോചിക്കേണ്ടതാണ്. തങ്ങളുടെ നിലപാടുകളെ പിന്തുണയ്ക്കുന്ന മുസ്‌ലിമേതര വോട്ടുകൾ കൊണ്ടു കൂടിയാണ് ലീഗ് രാഷ്ട്രീയ ശക്തി വർധിപ്പിക്കുന്നത് എന്ന വസ്തുത സ്ഥാനാർഥി നിർണയത്തിൽ ലീഗിന്റെ പരമാധികാരത്തെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. മറുവശത്ത് സന്തുലന വാദം ഉന്നയിക്കുന്ന കോൺഗ്രസ് രാഷ്ട്രീയ വളർച്ചയെ മതത്തിലേക്ക് ചുരുക്കുകയും ജനാധിപത്യ ബോധത്തെ മതവുമായി മാത്രം ചേർത്ത് വെക്കുകയുമാണ് ചെയ്യുന്നത്.

	ഹിന്ദു		മുസ്‌ലിം		ക്രിസ്ത്യൻ	
	കോൺ.	യു.ഡി.എഫ്	കോൺ.	യു.ഡി.എഫ്	കോൺ.	യു.ഡി.എഫ്
2004	11	11	2	2+2	4	4+1
2009	11	11	2	2+2	4	4+1
2014	9	9+2	2	2+2	4	4+1

കേരളത്തിലെ അസന്തുലിതാവസ്ഥ എന്ന ചിന്തയുടെ ഉത്ഭവം ജനസംഖ്യാ ശതമാനത്തിൽ നിന്നാണ്. 2011ലെ സെൻസസ് പ്രകാരം കേരളത്തിൽ 54.73 ശതമാനം ഹിന്ദുക്കളും 26.56 ശതമാനം മുസ്‌ലിംകളും 18.38 ശതമാനം ക്രിസ്ത്യാനികളുമാണുള്ളത്. ഹിന്ദുക്കളിൽ 29.90 ശതമാനം ഈഴവരും 12 ശതമാനം നായർ വിഭാഗവുമുണ്ട്. ഇതിന് ആനുപാതികമായി സീറ്റ് വിഭജനം നടക്കണമെന്നാണ് കോൺഗ്രസും സമാനമനസ്കരും വാദിക്കുന്നതെങ്കിൽ 20 സീറ്റുള്ള ലോക്സഭയിൽ ഹിന്ദുക്കൾക്ക് 11ഉം മുസ്‌ലിംകൾക്ക് അഞ്ചും ക്രിസ്ത്യാനികൾക്ക് നാലും സീറ്റുകളാണ് ലഭിക്കേണ്ടത്. 2004, 2009, 2014 തെരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ് ഇതു പാലിച്ചോ എന്നു നോക്കാം. ലീഗിന്റെ രണ്ടു സീറ്റുകൾക്കു പുറമെ രണ്ടു മുസ്‌ലിംകൾക്ക് കോൺഗ്രസ് ഈ മൂന്നു തെരഞ്ഞെടുപ്പുകളിലും സീറ്റ് നൽകിയിട്ടുണ്ട്. കേരളാ കോൺഗ്രസിന്റെ ക്രിസ്ത്യൻ സ്ഥാനാർഥിക്കു പുറമെ നാലു ക്രിസ്ത്യാനികൾക്കാണ് കോൺഗ്രസ് സീറ്റ് നൽകിയത്. അഥവാ 11

ഹിന്ദുക്കളുടെ കാര്യത്തിൽ സന്തുലനാവസ്ഥ കാണിച്ച കോൺഗ്രസ് മുസ്‌ലിംകളുടെ കാര്യത്തിൽ ആ ശ്രദ്ധ കാണിച്ചിട്ടില്ല. മൂന്ന് തെരഞ്ഞെടുപ്പുകളിലും 20 ശതമാനം സീറ്റുകളേ മുസ്‌ലിംകൾക്കു ലഭിച്ചിട്ടുള്ളൂ. അതേ സമയം 18 ശതമാനമുള്ള ക്രിസ്ത്യാനികൾക്ക് 25 ശതമാനം സീറ്റുകളാണ് ലഭിച്ചത്. ഈ തെരഞ്ഞെടുപ്പുകളിൽ സന്തുലന വാദികൾ എവിടെയായിരുന്നു എന്നറിയാൻ താൽപര്യമുണ്ട്. ഈ കണക്കുകളെ ആശ്രയിച്ചാൽ ലീഗിനു മൂന്നാം സീറ്റ് ലഭിക്കുകയും അതിൽ മുസ്‌ലിം സ്ഥാനാർഥി തന്നെ മത്സരിക്കുകയും കോൺഗ്രസ് രണ്ടു മുസ്‌ലിംകൾക്ക് സീറ്റ് നൽകുകയും ചെയ്താലും ഒരു സാമൂഹിക സന്തുലിതാവസ്ഥയും തകരില്ല. 26.56 ശതമാനക്കാർക്ക് 25 ശതമാനം സീറ്റ് കൊടുക്കുന്നത് ഏത് അസന്തുലിതാവസ്ഥയുടെ കണക്കിലാണ് കോൺഗ്രസ് ഉൾപ്പെടുത്തുന്നത്? ഇനി സന്തുലന വാദം മുൻ നിർത്തി മുസ്‌ലിംകൾക്ക് 20 ശതമാനമേ കൊടുക്കൂ എന്ന വാശി കോൺഗ്രസിനുണ്ടെങ്കിൽ അത് നടപ്പാക്കേണ്ടത് ലീഗിന് അർഹതപ്പെട്ട അധിക സീറ്റ് നിഷേധിച്ചുകൊണ്ടല്ല. ലീഗിന്റെ മൂന്നിനു പുറമെ ഒരു മുസ്‌ലിമിനു മാത്രം സീറ്റ് കൊടുത്ത് അതു ചെയ്യാനുള്ള കോൺഗ്രസിന്റെ ആഭ്യന്തര തീരുമാനത്തെ ലീഗ് ചോദ്യം ചെയ്യില്ല. 2001ലെയും 2011ലെയും യു.ഡി.എഫ് മന്ത്രിസഭയിൽ ലീഗിന് യഥാക്രമം നാല്, അഞ്ച് മന്ത്രിമാരുള്ളതിനാൽ ആര്യാടൻ മുഹമ്മദ് എന്ന മുസ്‌ലിം മന്ത്രിക്കു മാത്രം അവസരം നൽകിയ കോൺഗ്രസിന് അതേ നിലപാട് ലോക്‌സഭാ തെരഞ്ഞെടുപ്പിലും പിന്തുടരാവുന്നതാണ്. അഥവാ നാലു സീറ്റ് ലീഗിനു നൽകി ഒരു സീറ്റിൽ മാത്രം മുസ്‌ലിമിനെ നിർത്തൽ എന്ന സന്തുലന പ്രക്രിയ. ജനസംഖ്യാനുപാതികമായി തന്നെ ലീഗ് മൂന്ന്, കോൺഗ്രസ് രണ്ട് എന്നും ലീഗ് നാല്, കോൺഗ്രസ് ഒന്ന് എന്നുമുള്ള സാധ്യതകൾ നിലനിൽക്കെയാണ് അസന്തുലിതാവസ്ഥാ വാദം കോൺഗ്രസ് ഉന്നയിക്കുന്നതെന്നത് നിർഭാഗ്യകരമാണ്. അഥവാ സ്വന്തം വാദത്തിന് അനുയോജ്യമായ സീറ്റ് വിഭജനം പോലും നിലവിൽ യു.ഡി.എഫിൽ ഇല്ല എന്ന യാഥാർഥ്യം കോൺഗ്രസ് വിസ്മരിക്കുന്നു.

2016 നിയമസഭ തെരഞ്ഞെടുപ്പ് - മതജാതി വിഭാഗങ്ങളുടെ വോട്ട് വിഹിതം			
	എൽ.ഡി.എഫ്	യു.ഡി.എഫ്	ബി.ജെ.പി
നായർ	45%	20%	34%
ഈഴവർ	49%	28%	18%
എസ്സി	51%	22%	23%
എസ്ടി	71%	24%	5%
മുസ്‌ലിം	35%	58%	3%
ക്രിസ്ത്യൻ	35%	52%	10%
കടപ്പാട് ലോക്നീതി സി.എസ്.ഡി.എസ് സർവേ 2016			

കേരള ജനതയിൽ 12 ശതമാനം മാത്രം വരുന്ന നായൻമാരുടെ വോട്ടുകൾ നഷ്ടപ്പെടുമെന്ന ഭയമാണ് കോൺഗ്രസിനെക്കൊണ്ട് അസന്തുലിതാവസ്ഥയുടെ കണക്കു പറയിപ്പിക്കുന്നത്. പക്ഷെ, എത്ര ശതമാനം നായർ സമുദായക്കാർ യു.ഡി.എഫിനു വോട്ട് ചെയ്യുന്നുവെന്ന കണക്ക് നോക്കിയാൽ ഇതിലെ പൊള്ളത്തരം മനസിലാക്കാവുന്നതേയുള്ളൂ. മാത്രമല്ല, എത്ര ശതമാനം ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്‌ലിംകളും യു.ഡി.എഫിന് വോട്ട് ചെയ്യുന്നു എന്ന കണക്കു നോക്കിയാൽ അസന്തുലിതാവസ്ഥ ഒരു കുതന്ത്രമാണെന്ന് ബോധ്യപ്പെടും.
ഫാസിസ്റ്റ് വിരുദ്ധ പോരാട്ടം നയിക്കുന്നു എന്ന പ്രചാരണം നടത്തി എൽ.ഡി.എഫ് കൂടുതൽ മുസ്‌ലിം വോട്ടുകൾ നേടിയതായിരുന്നു 2016ലെ നിയമസഭാ തെരഞ്ഞെടുപ്പ്. അന്നുപോലും ഭൂരിപക്ഷം മുസ്‌ലിംകൾ വോട്ട് ചെയ്തത് യു.ഡി.എഫിനു തന്നെയാണ്. ലോക്നീതി സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡവലപിങ് സൊസൈറ്റീസ് (സി.എസ്.ഡി.എസ്, ന്യൂദൽഹി) സർവേയുടെ കണക്കെടുത്താൽ 23.5 ശതമാനം നായർ, ഈഴവ, എസ്.സി, എസ്.റ്റി വിഭാഗത്തിലുള്ള ഹിന്ദുക്കളും 52 ശതമാനം ക്രിസ്ത്യാനികളും 58 ശതമാനം മുസ്‌ലിംകളുമാണ് യു.ഡി.എഫിനു വോട്ട് ചെയ്തത്. ജനസംഖ്യയിൽ 22 ശതമാനമുള്ള ഈഴവരിൽ 28 ശതമാനം യു.ഡി.എഫിനു വോട്ട് ചെയ്തപ്പോൾ വെറും 20 ശതമാനം നായർ വിഭാഗമാണ് യു.ഡി.എഫിന്റെ കൂടെ നിന്നത്. നായർ വിഭാഗത്തിൽ 34 ശതമാനം ബി.ജെ.പിക്കൊപ്പമായിരുന്നുവെന്ന സത്യവും ഇതോട് ചേർത്തു വായിക്കണം. ഓരോ മത, ജാതിയിൽ നിന്ന് എത്ര പേർ വോട്ട് ചെയ്തു എന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിൽ കൂടി ഈ സർവേ ചില പൊതു യാഥാർഥ്യങ്ങളെ വരച്ചുകാണിക്കുന്നുണ്ട്. ഈ കണക്കുകൾ വച്ചു നോക്കിയാൽ 2016ലെ തെരഞ്ഞെടുപ്പിൽ 38.8 ശതമാനത്തോടെ 78.1 ലക്ഷം വോട്ടുകൾ കരസ്ഥമാക്കിയ യു.ഡി.എഫിന് ഏകദേശം 31 ലക്ഷം

മുസ്‌ലിംകളും 25 ലക്ഷം ഹിന്ദുക്കളും 19 ലക്ഷം ക്രിസ്ത്യാനികളുമാണ് വോട്ട് ചെയ്തിട്ടുണ്ടാവുക. 50 ലക്ഷത്തോളം വരുന്ന നായർ വിഭാഗത്തിലെ പത്തു ലക്ഷത്തിൽ താഴെ ആളുകളേ യു.ഡി.എഫിനു വോട്ട് ചെയ്തിട്ടുള്ളൂ എന്നുറപ്പാണ്. അഥവാ യു.ഡി.എഫിനു കിട്ടിയ വോട്ടുകളുടെ 40 ശതമാനം മുസ്‌ലിംകളുടേതും 33 ശതമാനം ഹിന്ദുക്കളുടേതും 25 ശതമാനം ക്രിസ്ത്യാനികളുടേതുമാണെന്ന അനുമാനത്തിലേക്ക് ഈ കണക്കുകൾ വിരൽചൂണ്ടുന്നു. ഈ അനുപാതം പാലിച്ച് സീറ്റ് വിഭജനം നടത്തിയാൽ യു.ഡി.എഫിന്റെ എട്ടു സീറ്റിനു വരെ മുസ്‌ലിംകൾക്ക് അർഹതയുണ്ട്. അതിൽ നാലെണ്ണം ലീഗിനു കൊടുത്ത് നാലെണ്ണം കോൺഗ്രസിനും മത്സരിക്കാൻ തക്ക സന്തുലന പ്രക്രിയയെക്കുറിച്ചും കോൺഗ്രസിനു ചിന്തിക്കാം.
(തുടരും)

കൂടുതൽ വാർത്തകൾക്ക് സുപ്രഭാതം ആപ് ഡൗൺലോഡ് ചെയ്യുക
DOWNLOAD **SUPRABHAATHAM APP**
Google play

കമന്റ് ബോക്സിലെ അഭിപ്രായങ്ങൾ സുപ്രഭാതത്തിന്റേതല്ല. വായനക്കാരുടേതു മാത്രമാണ്. അശ്ലീലവും അപകീർത്തികരവും ജാതി, മത, സമുദായ സ്പർധവളർത്തുന്നതുമായ അഭിപ്രായങ്ങൾ പോസ്റ്റ് ചെയ്യരുത്. ഇത്തരം അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നത് കേന്ദ്രസർക്കാറിന്റെ ഐടി നയപ്രകാരം ശിക്ഷാർഹമാണ്.